പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3202 21.06.2013 – ൽ മറുപടിയ്ക്ക്

## ആശ്വാസ കിരണം പദ്ധതി

ചോദ്യം ഉത്തരം

ശ്രീ. ബി. സത്യൻ

ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ശയ്യാവലംബികളായ രോഗികളുടേയും വൃദ്ധരുടേയും കൂട്ടിരിപ്പുകാർക്ക് പ്രതിമാസ സഹായധനം ലഭ്യമാകുന്ന 'ആശ്വാസ കിരണം' പദ്ധതിയിൽ നിന്നും സഹായം ലഭിക്കുവാൻ എന്തെല്ലാം നടപടിക്രമങ്ങളാണുള്ളത്; വ്യക്തമാക്കാമോ ; | (എ) | 'ആശ്വാസ കിരണം' പദ്ധതി ധനസഹായത്തിനുള്ള അപേക്ഷാ ഫാറം സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ജില്ലാ സാമൂഹ്യനീതി ആഫീസുകൾ, സംയോജിത ശിശു വികസന പദ്ധതി ആഫീസുകൾ, അംഗൻവാടികൾ എന്നിവിടങ്ങളിൽ ലഭ്യമാണ്. പ്രസ്തുത അപേക്ഷ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ അന്വേഷണ റിപ്പോർട്ട്, സി.ഡി.പി.ഒ.യുടെ ശുപാർശ എന്നിവയോടൊപ്പം അംഗൻവാടി വർക്കർ/ ഐ.സി.ഡി.എസ്. സൂപ്പർവൈസർ/ ശിശുവികസന പദ്ധതി ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷ പരിഗണിച്ച് അർഹരായവർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ ധനസഹായം അനുവദിക്കുന്നു. |
| (ബി) | സംസ്ഥാനത്താകെ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ? | (ബി) | ഉണ്ട്. |

R. Vijay...

**സെക്ഷൻ ഓഫീസർ**